II ഇ.ബി. XII- കേരള നിയമസഭ/XIV-2

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 മാർച്ച് 2, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4 (*31) ജനമൈത്രി സുരക്ഷാ പദ്ധതി

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്ത് 43 പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കിയ ജനമൈത്രി സുരക്ഷാ പദ്ധതി തൃപ്തികരമായി നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഓരോ പ്രദേശത്തേയും ആവശ്യങ്ങൾക്കനുസൃതമായി പോലീസ്-പൊതുജന സഹകരണത്തോടെ ജനങ്ങളുടെ സുരക്ഷാ സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ ചെയ്തുവരുന്നത്. കൂടാതെ അതതു പ്രദേശത്തെ സമിതി മീറ്റിംഗുകളിലും അവലോകന യോഗങ്ങളിലും ഉരുത്തിരിഞ്ഞുവരുന്ന നൂതന ആശയങ്ങൾക്ക നുസൃതമായി പദ്ധതിയുടെ നടത്തിപ്പിൽ പരിഷ്ക്കാരങ്ങൾ വരുത്താറുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ കൊല്ലം, ആലപ്പുഴ, കണ്ണൂർ, എറണാകുളം സിറ്റി എന്നിവിടങ്ങളിൽ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച ഇംപാക്ട് സ്റ്റഡി

നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടു മാത്രമേ ഈ പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള അംഗസംഖ്യ കണക്കിലെടുത്തുകൊണ്ടാണ് 43 പോലീസ് സ്റ്റേഷനുകളിലായി ഈ പദ്ധതി പരിമിതപ്പെടുത്തിയിട്ടുള്ളത്. പോലീസ് സേനയിലെ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. നിയമന കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് നിലവിലുള്ള റിക്രൂട്ട്മെന്റ് സിസ്റ്റത്തിൽ മാറ്റം വരുത്തുന്നതാണ്. ഈ പദ്ധതിയിൽ കൂടുതൽ ജനക്ഷേമകരമായ പുതിയ പദ്ധതികൾകൂടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന തിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കേന്ദ്ര ധനകാര്യ കമ്മീഷൻ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനത്തിന് പ്രത്യേക തുക അനുവദിച്ചിട്ടുണ്ട്. 2010-ഓടുകൂടി 100 പോലീസ് സ്റ്റേഷനുകളിൽക്കൂടി കമ്മ്യൂണിറ്റി പോലീസിംഗ് സിസ്റ്റം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. പോലീസ് പരിഷ്ക്കരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നൽകിയ പണം ലാപ്സായിട്ടില്ല. കേന്ദ്രം നൽകിയ തുകയേക്കാൾ കൂടുതൽ സംസ്ഥാന ഗവൺമെന്റ് ചെലവഴിക്കുകയാണുണ്ടായത്. ഇപ്പോൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പോലീസ് പരിശീലനത്തിൽ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനംകൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ടെന്നും കേരളത്തിന്റെ തീരപ്രദേശങ്ങളിലെ 76 പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടലോര ജാഗ്രതാ സമിതികൾ

രൂപീകരിച്ചിട്ടുണ്ടെന്നും പോലീസിന് അന്വേഷണത്തിന് കടലിലേയ്ക്ക് പോകത്തക്കവിധത്തിൽ കൂടുതൽ സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പോലീസിന്റെ യൂണിഫോമിന് മാറ്റം വരുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് വിവരസാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടിയ പോലീസുകാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പും ആഭ്യന്തര വകുപ്പും ചേർന്നുകൊണ്ട് സ്റ്റുഡന്റ്സ് പോലീസിംഗ് സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയും മറ്റ് പീഡനങ്ങളും പാടില്ലെന്നുള്ള ഗവൺമെന്റിന്റെ നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസു കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5(*32) <u>മാന്ദ്യവിരുദ്ധ പാക്കേജ്</u>

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കുന്നതിന് പൊതുമൂലധന നിക്ഷേപം ഉയർത്തുക എന്ന ലക്ഷ്യം വച്ചുകൊണ്ട് 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് 2009-10 ബഡ്ജറ്റിൽ പ്രഖ്യാപി ച്ചിട്ടുള്ളതെന്നും ഇതിൽ 5000 കോടി രൂപയാണ് സർക്കാർ ഡിപ്പാർട്ടു മെന്റുകൾ നേരിട്ട് നിക്ഷേപിക്കുന്നതെന്നും സഭയെ അറിയിച്ചു. മാന്ദ്യവിരുദ്ധ പാക്കേജിൽപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി 3000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ പാലങ്ങളുടെ

നിർമ്മാണ പ്രവർത്തനങ്ങൾക്ക് 858.81 കോടി രൂപയും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1712.76 കോടി രൂപയും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് 428.43 കോടി രൂപയും ഉൾപ്പെടുന്നു. ഇതിനുപുറമെ കണ്ണൂർ, കാസറഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ ടൂറിസം റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 86.17 കോടി രൂപ യുടെ പ്രത്യേക ഭരണാനുമതിയും വിവിധ കുടിവെള്ള വിതരണ പദ്ധതിക ളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ ആരംഭി ക്കുന്നതിനുമായി 478.61 കോടി രൂപയുടെയും കനാലുകളുടെയും റഗുലേറ്റർ-കം-ബ്രിഡ്ജുകളുടേയും നിർമ്മാണ നവീകരണ പ്രവർത്തന ങ്ങൾക്കായി 519.44 കോടി രൂപയുടെയും ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയ്ക്കുപുറമേ കൃഷി, സ്പോർട്സ് ഡിപ്പാർട്ടുമെ ന്റുകളും പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി. സി.യുടെ പാർക്കുകളിലേയ്ക്ക് 163 കോടി രൂപയുടെ റോഡുനിർമ്മാണത്തിന് അനുമതി നൽകുകയും 3000 കോടി രൂപയുടെ ഇ.എം.എസ്. പാർപ്പിട പദ്ധ തിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ചീമേനിയിൽ 8000 കോടി രൂപയുടെ സൂപ്പർ തെർമൽ പവർ സ്റ്റേഷൻ, തിരുവനന്തപുരത്ത് 300 കോടി രൂപയുടെ ലൈഫ്സയൻസ് പാർക്ക്, കൊച്ചിയിൽ 10000 കോടി രൂപയുടെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, കൊല്ലത്ത് 1600 കോടി രൂപയുടെ ടൈറ്റാനിയം കോംപ്ലക്സ്, 50000 കോടി രൂപയുടെ അതിവേഗ റെയിൽ പാത നിർമ്മാണം, 100 കോടി രൂപയുടെ വെഞ്ചർ ഫണ്ട് എന്നീ പദ്ധതികളുടെ പ്രാരംഭ നടപടികൾ

ആരംഭിച്ചു. 30 കോടി രൂപ വരെ പെയ്ഡ്-അപ് ക്യാപ്പിറ്റലുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് കെ.എഫ്.സി-ക്ക് അനുമതി നൽകിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിദേശത്തുള്ള ജോലി ഉപേക്ഷിച്ച് നാട്ടിലെത്തുന്നവർക്ക് കെ.എഫ്.സി. മുഖാന്തിരം നൽകുന്ന വായ്പ പദ്ധതിയിലെ പോരായ്മകളെക്കുറിച്ച് പുന:പരിശോധന നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്. കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലിന് 95.22 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ലാന്റ് അക്വിസിഷന് ആവശ്യമായ ഫണ്ട് നീക്കിവയ്ക്കുകയും ചെയ്തു. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള കുടിശ്ശിക തുക അദാലത്തുകൾ വഴി കൊടുത്തുതീർക്കുന്നതിനുള്ള പരിശ്രമം നടത്തുന്നതാണ്. ടെക്നോ പാർക്കിലും ഇൻഫോപാർക്കിലും പ്രവർത്തിവച്ചുവരുന്ന ഐ.റ്റി. കമ്പനികൾ 2009-10-ൽ നൽകേണ്ട വാടകയിനത്തിലെ 50% തുക 2010-11 ലേയ്ക്ക് മാറ്റിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ 2009-10-ൽ ധാരണയിലെത്തിയ സ്വകാര്യ നിക്ഷേപ പദ്ധതികൾ പ്രവർത്തനസജ്ജമാകുമ്പോൾ 125 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. ഐ.ടി. മേഖലയിൽ കെ.എസ്.ഐ.റ്റി.ഐ.എൽ. മുഖേന സ്വകാര്യ നിക്ഷേപം ഉൾപ്പെടെ ഏകദേശം 2472 കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. റോഡ്സ് ആന്റ് ബ്രിഡ്ജ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരളയുടെ ആഭിമുഖ്യത്തിൽ 340 കോടി രൂപയുടെ 17 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും 2780.59 കോടി രൂപയുടെ സീപോർട്ട് എയർപോർട്ട് റോഡ് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളു

ടേയും പൊന്നാനി-ഏലത്തൂർ കോസ്റ്റൽ ടൂറിസ്റ്റ് ഹൈവേ, കുമരകം വഴി ചേർത്തല കോട്ടയം ടൂറിസ്റ്റ് ഹൈവേ, കാക്കനാട്-തങ്കളം (കോതമംഗലം) ഹൈവേ എന്നിവയുടേയും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടെ മൊത്തം 3120.59 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പിലൂടെ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ പാർപ്പിട വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ വിവിധ പ്രദേശങ്ങളിൽ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ബിൽഡ് ഷെയർ ട്രാൻസ്ഫർ രീതിയിൽ നടപ്പിലാക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പ് പ്രാരംഭ ഘട്ടത്തിലായതിനാൽ നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെയുണ്ടായ ചെലവ് എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന് ആവശ്യമായ പണം നീക്കിവയ്ക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമെന്നും തടസ്സപ്പെട്ടു കിടക്കുന്ന പൊതുമരാമത്ത് പണികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസർമാർക്ക് വേണ്ടത്ര പരിശീലനം നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

6 (*33) <u>ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷൻ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ മിഷനിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ജലവിതരണ പദ്ധതികൾക്കായി 288.33 കോടി രൂപയുടേയും

സ്വിവറേജ് പദ്ധതിക്കായി 414.97 കോടി രൂപയുടെയും ഖരമാലിന്യ സംസ്ക്കരണത്തിനായി 112.68 കോടി രൂപയുടെയും ഉപരിതല ജലനിർഗ്ഗമന പദ്ധതിക്കായി 50.17 കോടി രൂപയുടെയും ആധുനിക ബസ്സുകൾ വാങ്ങുന്നതിനായി 124.40 കോടി രൂപയുടെയും ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷന് 109.64 കോടി രൂപയുടെയും ഇ-ഗവേണൻസിനായി 8.7050 കോടി രൂപയുടെയും പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ കൊച്ചിയിൽ ഹെറിറ്റേജ് പ്രോജക്ടിനായി 22.61 കോടി രൂപയുടെ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. കോഴിക്കോട് നഗരസഭയെക്കൂടി ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനങ്ങൾക്കായി 13.80 കോടി രൂപയുടെ പ്രോജക്ട് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുമുണ്ട്. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉപപദ്ധതിയായ ബേസിക് സർവ്വീസസ് ടു ദി അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതിയും സമഗ്ര ചേരി വികസനം ലക്ഷ്യമിടുന്ന സംയോജിത ഭവനനിർമ്മാണ ചേരി വികസന (ഐ.എച്ച്.എസ്.ഡി.പി) പരിപാടിയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ബി.എസ്.യു.പി. പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരസഭകളുടെ 343.40 കോടി രൂപയുടെ പദ്ധതി അംഗീകരിക്കപ്പെട്ടിട്ടുള്ളതിൽ 233.55 കോടി രൂപ കേന്ദ്ര വിഹിതമാണ്. ഐ.എച്ച്.എസ്.ഡി.പി. പ്രകാരം 40 നഗരസഭകളിലായി ആകെ 207.01 കോടി രൂപയുടെ പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതിൽ 159.20 കോടി രൂപ കേന്ദ്ര

വിഹിതമാണ്. ഐ.എച്ച്.എസ്.ഡി.പി-യിൽ 6 ഒന്നാംഘട്ട പ്രോജക്ടുകളും 6 രണ്ടാംഘട്ട പ്രോജക്ടുകളും അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജെ.എൻ.എൻ.യു.ആർ.എം-ന്റെ മറ്റൊരു ഉപപദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയിൽപ്പെടുത്തി 33 പ്രോജക്ടുകൾക്ക് 462.76 കോടി രൂപയ്ക്ക് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതിൽ 12 ജലവിതരണ പദ്ധതികളും 19 ഖരമാലിന്യ സംസ്ക്കരണ പദ്ധതികളും ഒരു സ്വിവറേജ് പ്രോജക്ടും ഒരു സ്റ്റോം വാട്ടർ ട്രെയിനേജ് പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി പ്രകാരം 2006-07, 2007-08 എന്നീ കാലയളവുകളിൽ 11 നഗരങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിനായി 36.57 കോടി രൂപയുടെയും 13 നഗരങ്ങൾക്ക് കുടിവെള്ളത്തിനായി 339.44 കോടി രൂപയുടെയും 1 നഗരത്തിന് സ്വിവറേജ് പ്രോജക്ടിനായി 49.78 കോടി രൂപയുടെയും (ആകെ 425.79 കോടി രൂപ) അംഗീകാരം ലഭിച്ചിട്ടുണ്ട്. 2008-09-ൽ 8 നഗരങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിന് 31.55 കോടി രൂപയുടെയും 1 നഗരത്തിന് സ്റ്റോംവാട്ടർ ഡ്രെയിനേജ് പ്രോജക്ടിന് 5.42 കോടി രൂപയുടെയും (ആകെ 36.97 കോടി രൂപ) പദ്ധതികൾ ചെറുകിട ഇടത്തരം നഗരങ്ങളുടെ വികസനത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ കേരളം മാതൃകയാണെങ്കിലും അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളുടെ നടത്തിപ്പിൽ ഭൂമി അക്വയർ ചെയ്യുന്നതിലെ ബുദ്ധിമുട്ടുമൂലവും ഭൂമി ലഭ്യമല്ലാത്തതിനാലും ഭൂമിക്ക് വളരെ കൂടുതൽ

വിലയായതിനാലും കാലതാമസം നേരിടുന്നുണ്ടെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. വൻകിട പ്രോജക്ടുകളുടെ ചെലവ്, നിർമ്മാണത്തിനിടെ വളരെയധികം വർദ്ധിക്കുന്നതിനാൽ നിർവ്വഹണ കാലഘട്ടത്തിനിടയ്ക്കുണ്ടാകുന്ന വർദ്ധനവ് അനുവദിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 239 മുതൽ 515 വരെയുള്ള ചോദ്യങ്ങളിൽ 165 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)